(ബി) കമ്പനി ഏറ്റെടുക്കാൻ തയ്യാറായിട്ടുള്ള പ്രൊമോട്ടറുമായി വിശദമായ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ;

(സി) കമ്പനി തുറന്നു പ്രവർത്തിപ്പിക്കുവാൻ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും തുടർന്ന് എടുക്കാനുദ്ദേശിക്കുന്ന കാര്യങ്ങളും വ്യക്തമാക്കുമോ;

(ഡി) സമയബന്ധിതമായി പുനരുദ്ധാരണ നടപടി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ, ബി, സി, ആന്റ് ഡി) ട്രാവൻകൂർ റയോൺസ് തുറന്ന് പ്രവർത്തിപ്പിക്കുവാനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ച് വരികയാണ്. 12-11-2003-ലെ മന്ത്രിസഭായോഗം കമ്പനി ഏറ്റെടുക്കുവാൻ മുന്നോട്ടു വന്നിട്ടുള്ള പ്രൊമോട്ടറുമായി വിശദമായ ധാരണാപത്രം ഒപ്പുവയ്ക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയമായതിനാൽ വിശദമായ ധാരണാപത്രം ഒപ്പുവയ്ക്കുമ്പോൾ ഓരോ വകുപ്പിനും ഉണ്ടാകുന്ന ബാധ്യത തിട്ടപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ ഓരോ വകുപ്പിനും വരുന്ന ബാധ്യത എത്രയെന്ന് തിട്ടപ്പെടുത്തിയ ശേഷമേ വിശദമായ ധാരണാപത്രം ഒപ്പുവയ്ക്കുവാൻ കഴിയുകയുള്ളൂ. ഇതിനുള്ള നടപടികൾ ദ്രുതഗതിയിലാണ്.

കുന്നത്തറ ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

18 [447] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസ് തുറന്നു പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച് ഇപ്പോൾ എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എന്ന് തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) കുന്നത്തറ ടെക്സ്റ്റൈൽസ് ഇപ്പോൾ ലിക്വിഡേഷനിലാണ്.

മാള സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം

19 [449] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ തുക ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുമോ;

(സി) മാള സ്പിന്നിംഗ് മിൽ പ്രവർത്തിപ്പിക്കുവാൻ എന്തെല്ലാം തടസ്സങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി ആന്റ് സി) മാള സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനങ്ങൾക്കായി 325 ലക്ഷം സർക്കാർ ഓഹരി മൂലധനമായി നൽകിയിട്ടുണ്ട്. സംരംഭകരുടെ ഓഹരിയായി 62.45 ലക്ഷം രൂപയും സമാഹരിച്ചിട്ടുണ്ട്. ഈ തുകയിൽനിന്നും 10 ഏക്കർ ഭൂമി വാങ്ങുകയും 12000 സ്പിന്റിലുകൾ സ്ഥാപിക്കുവാൻ കഴിയുന്ന കെട്ടിടത്തിന്റെ പണി ഭാഗികമായി പൂർത്തിയാക്കുകയും ചെയ്തു. ടേം ലോൺ ലഭിക്കാത്ത തുകാരണം ബാക്കി പണികൾ പൂർത്തിയായിട്ടില്ല. എൻ.സി.ഡി. യുടെ ധനസഹായത്തോടെ നൂതന വീവിംഗ് കം ഗാർമെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

വ്യവസായ വകുപ്പിൽ നിറുത്തലാക്കപ്പെട്ട തസ്തികകളും പദ്ധതികളും

20 [450] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിലെ എത്ര തസ്തികകൾ നിറുത്തലാക്കി എന്നും ഏതൊക്കെ തസ്തികകൾ എത്ര വീതമെന്നും അവ നിറുത്തലാക്കാനുള്ള കാരണമെന്താണെന്നും വെളിപ്പെടുത്തുമോ;

(ബി) വ്യവസായ വകുപ്പിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് എത്ര തസ്തികകൾ മാറ്റി എന്നും ഏതൊക്കെ തസ്തികകൾ എത്ര വീതം ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി എന്നും വ്യക്തമാക്കുമോ;

(സി) വ്യവസായ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഏതൊക്കെ പദ്ധതികൾ, ജോലികൾ മറ്റ് ഏജൻസികൾക്ക് നൽകിയെന്നും, ഏതൊക്കെ ഏജൻസികൾക്ക് ഏതൊക്കെ ജോലികൾ നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ-വാണിജ്യ വകുപ്പിൽ അധികമാണെന്ന് കണ്ടെത്തിയ 262 തസ്തികകൾ നിറുത്തലാക്കുകയോ സൂപ്പർ ന്യൂമററിയായി മാറ്റുകയോ ചെയ്യുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly